## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- ഒഎ(ഇ.കെ.എം) നം.1344/2021 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 29.11.2021 ലെ ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഒ.എ നം. 268/2021 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.02.2021 ലെ ഉത്തരവ്
2. സഉ(സാധാ) നം.1569/2021/ആ.കു.വ തീയതി 28.07.2021
3. ഒ.എ (ഇ.കെ.എം) നം. 1344/2021 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 29.11.2021 ലെ ഉത്തരവ്

**ഉത്തരവ് നം. ഇ.എ1- 28406/2021/ആ.വ.ഡ തീയതി 05.05.2022**

ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജനായിരുന്ന ഡോ. ഡാലിയ.എം.കെയ്ക്ക് ഉത്തരവ് നം. ഇഎ1- 157/2018/ആ.വ.ഡ തീയതി 24.11.2020 പ്രകാരം പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റായി പ്ലേസ്മെന്റ് നൽകി മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നിയമിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച സമയം 2020 ലെ പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാതിരുന്നതിനാൽ തത്സമയത്ത് ആവശ്യമെങ്കിൽ ടി ഉത്തരവ് പുനപരിശോധിക്കുന്നതാണെന്ന് ഉത്തരവിൽ പരാമർശിച്ചിരുന്നതാണ്.

2020 ലെ പൊതു സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച സമയം ഡോ. ബിജു തയ്യിൽ മലപ്പുറം ജില്ലയിലെ തിരൂർ ജില്ലാ ആശുപത്രിയിൽ 31.01.2016 മുതൽ ജോലി ചെയ്തു വരുന്നതായാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ആയതിനാൽ ടിയാന്റെ അപേക്ഷ പരിഗണിയ്ക്കേണ്ടതായി വന്നു. ടിയാൻ 23.06.2011 മുതൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റു തസ്തികയിൽ ജോലി ചെയ്തു വന്നിരുന്നയാളാണ്. മേൽ സാഹചര്യത്തിൽ ഡോ. ബിജു തയ്യിലിന്റെ അപേക്ഷ പരിഗണിച്ച് പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകുകയും ഡോ. ഡാലിയ.എം.കെയെ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ജില്ലാ ആശുപത്രിയിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തു. പിന്നീട് ഭരണപരമായ കാരണങ്ങളാൽ ഉത്തരവ് നം. ഇഎ1- 66130/2020/ആ.വ.ഡ തീയതി 04.02.2021 പ്രകാരം ടിയാരിയെ മലപ്പുറം ജില്ലയിലെ തന്നെ പൊന്നാനി താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റി നിയമിക്കുകയും ചെയ്തിരുന്നതാണ്. പ്രസ്തുത നിയമനത്തിനെതിരെ ഡോ.ഡാലിയ.എം.കെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ്ട്രിബ്യൂണൽ മുൻപാകെ സമർപ്പിച്ച ഒഎ നം. 268/2021 മേലുള്ള 12.02.2021 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം(2) പ്രകാരമുള്ള അനുപാലന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ഡോ. ഡാലിയ.എം.കെയുടെ അപ്പീൽ പരിഗണിയ്ക്കണമെന്ന് രണ്ടാം കക്ഷിയായ ആരോഗ്യവകുപ്പു ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

ഡോ. ഡാലിയ.എം.കെ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റം ലഭിക്കണമെന്ന ആവശ്യമുന്നയിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ (ഇ.കെ.എം) നം. 1344/2021 മേലുള്ള 29.11.2021 ലെ ഉത്തരവിൽ 2021 ലെ പൊതുസ്ഥലംമാറ്റത്തിൽ ടിയാരിയുടെ അപേക്ഷ പരിഗണിയ്ക്കണമെന്ന് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 23.04.2022 വൈകുന്നേരം 3.00 മണിയ്ക്ക് ആരോഗ്യവകുപ്പു ഡയറക്ടർ ഡോ. ഡാലിയ.എം.കെയും,

ഡോ. ബിജു തയ്യിലിനെയും ഫോൺ മുഖേന കേൾക്കുകയുണ്ടായി. ആരോഗ്യപ്രശ്നങ്ങളു ള്ളതിനാൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്കോ, മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കോ നിയമനം ലഭിക്കണമെന്നും, നിലവിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തു വരുകയാണെന്നും ഡോ. ഡാലിയ.എം.കെ അറിയിച്ചു. ഡോ. ബിജു തയ്യിൽ, ഡോ. ഡാലിയ.എം.കെ യെക്കാൾ സീനിയർ ആയതിനാലും, ടിയാന് ആരോഗ്യപ്രശ്നങ്ങളുള്ളതിനാലും, നിലവിലെ മറ്റു സാഹചര്യങ്ങൾ കൊണ്ടും പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കുള്ള സ്ഥലംമാറ്റം ബുദ്ധിമുട്ടാണെന്നും, പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ തന്നെ നിലനിർത്തണമെന്നും ടിയാനും അറിയിച്ചു.

പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റിന്റെ ഒരു തസ്തികയാണ് നിലവിൽ ഉള്ളത്. ആയതിൽ ഡോ. ബിജു തയ്യിൽ ജോലി ചെയ്തു വരുന്നു. ടിയാൻ ടി സ്ഥാപനത്തിൽ മൂന്നു വർഷം പൂർത്തീകരി ച്ചിട്ടുമില്ല. ഉത്തരവ് നം എ1-15299/2021/ഡി.എം.ഒ (ആ) മലപ്പുറം തീയതി 11.10.2021 പ്രകാരം ഡോ. ഡാലിയ.എം.കെയെ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിട്ടുള്ളതുമാണ്. പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ഡോ. ഡാലിയ.എം.കെയെ പരിഗണിയ്ക്കണ മെന്നാണ് സഉ (സാധാ) നം.1569/2021/ആ.കു.വ തീയതി 28.07.2021 പ്രകാരം ഉത്തരവാ യിരിക്കുന്നത്. അപ്രകാരം ഒഴിവ് വരുന്ന മുറയ്ക്ക് ഡോ. ഡാലിയ.എം.കെ യുടെ അപേക്ഷ പരിഗണിയ്ക്കുന്നതാണ്. എന്നാൽ നിലവിൽ ടി സ്ഥാപനത്തിൽ ഒഴിവില്ലാത്തതി നാൽ ടിയാരിയുടെ അപേക്ഷ പരിഗണിയ്ക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒഎ നം. 1344/2021 മേലുള്ള 29.11.2021 ലെ വിധി ന്യായം ഇപ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

**ഒപ്പ്**
**ഡോ. വി.ആർ.രാജു**
**അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

1. ഡോ. ഡാലിയ.എം.കെ, ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്)
   താലൂക്ക് ആസ്ഥാന ആശുപത്രി പൊന്നാനി, മലപ്പുറം
2. ഡോ. ബിജു തയ്യിൽ, ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്)
   ജില്ലാ ആശുപത്രി പെരിന്തൽമണ്ണ, മലപ്പുറം

പകർപ്പ്:

1. അഡ്വക്കേറ്റ് ജനറൽ ഓഫീസ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

29575